ഭരണഭാഷ - മാതൃഭാഷ

**നമ്പർ . TRY/737/2020-P2**

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം ,
തീയതി: 28/06/2021

പ്രേഷകൻ
ട്രഷറി ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാരും, ജില്ലാ/സബ് ട്രഷറി ഓഫീസർമാരും

സർ

വിഷയം ട്രഷറി വകുപ്പ് - കോവിഡ്-19 സമൂഹ വ്യാപനം പ്രതിരോധിക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ കൈക്കൊള്ളുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കോവിഡ് അവലോകന യോഗത്തിൽ നൽകിയ നിർദേശപ്രകാരം 2021 ജൂലൈ മാസം മുതൽ ട്രഷറികളിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന നിയന്ത്രണങ്ങളും ആരോഗ്യ സുരക്ഷാ മുൻകരുതലുകളും - ട്രഷറികളെ അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1. GO(RT)No.383/2021/DMD dated 26.04.202

2. GO(P)No.69/2021/Fin Dated 28.04.2021

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു.

കോവിഡ്-19 രോഗവ്യാപനഭീഷണിയുടെ വെളിച്ചത്തിൽ ജനങ്ങളുടെ എല്ലാവിധ ഒത്തുചേരലുകളും ഒഴിവാക്കിയും സാമൂഹ്യഅകലം പാലിച്ചും ഈ രോഗത്തിന്റെ സമൂഹവ്യാപനം തടയുന്നതിനുള്ള നിർദേശങ്ങൾ സൂചനകൾ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സാധ്യമായ മുൻകരുതലുകൾ സ്വീകരിച്ചുകൊണ്ടും ഘട്ടങ്ങളായി ക്രമീകരിച്ചുകൊണ്ടും ട്രഷറികളിൽ നിന്നുമുള്ള പെൻഷൻ വിതരണം നിയന്ത്രണങ്ങളോടെ ജൂൺ മാസം മുതൽ നടത്തുവാൻ സൂചനപ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു

കേരളത്തിൽ ഏർപ്പെടുത്തിയിരുന്ന ലോക്ക് ഡൌൺ ഉൾപ്പെടെയുള്ള നിയന്ത്രണങ്ങൾ ഇപ്പോൾ ഭാഗികമായി പിൻവലിച്ചിരിക്കുന്ന സാഹചര്യത്തിൽ പെൻഷൻകാരുടെയും മറ്റു ഇടപാടുകാരുടെയും അനിയന്ത്രിതമായ തിരക്ക് ഒഴിവാക്കുന്നതിനും ജീവനക്കാരുടെയും ഇടപാടുകാരുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും നിലവിലുള്ള നിയന്ത്രണങ്ങൾ കൂടുതൽ കർക്കശമായി നടപ്പാക്കേണ്ടതാണ് എന്ന് കോവിഡ് അവലോകന യോഗത്തിൽ സർക്കാർ നിർദേശിച്ചതിന്റെ വെളിച്ചത്തിൽ 2021 ജൂലായ് മാസം മുതൽ ട്രഷറി ഇടപാടുകൾ കോവിഡ് മാനദണ്ഡങ്ങൾ പൂർണമായി പാലിച്ചുകൊണ്ട് നടത്തുന്നതിനായി

താഴെപറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

ട്രഷറി കൗണ്ടറുകളിൽ കൂടി നേരിട്ടുള്ള പെൻഷൻ വിതരണം തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ താഴെക്കൊടുത്തിരിക്കുന്ന പ്രകാരം ക്രമീകരിക്കേണ്ടതാണ്. പട്ടിക പ്രകാരം നിശ്ചിതനമ്പറിൽ അവസാനിക്കുന്ന PTSB അക്കൗണ്ട് ഉടമകൾക്ക് മാത്രമേ ട്രഷറികളിൽനിന്നും പെൻഷൻ വിതരണം ചെയ്യാൻ പാടുള്ളു.

| തിയ്യതി | സമയം | പെൻഷൻവിതരണംനടത്തുന്നഅക്കൗണ്ടുകൾ |
|---|---|---|
| തിങ്കൾ | രാവിലെ | PTSB Account Number പൂജ്യത്തിൽ (0) അവസാനിക്കുന്ന പെൻഷൻകാർ |
| | ഉച്ചകഴിഞ്ഞ് | PTSB Account Number ഒന്നിൽ (1) അവസാനിക്കുന്ന പെൻഷൻകാർ. |
| ചൊവ്വ | രാവിലെ | PTSB Account Number രണ്ടിൽ (2) അവസാനിക്കുന്ന പെൻഷൻകാർ. |
| | ഉച്ചകഴിഞ്ഞ് | PTSB Account Number മൂന്നിൽ (3) അവസാനിക്കുന്ന പെൻഷൻകാർ |
| ബുധൻ | രാവിലെ | PTSB Account Number നാലിൽ (4) അവസാനിക്കുന്ന പെൻഷൻകാർ |
| | ഉച്ചകഴിഞ്ഞ് | PTSB Account Number അഞ്ചിൽ (5) അവസാനിക്കുന്ന പെൻഷൻകാർ |
| വ്യാഴം | രാവിലെ | PTSB Account Number ആറിൽ (6) അവസാനിക്കുന്ന പെൻഷൻകാർ |
| | ഉച്ചകഴിഞ്ഞ് | PTSB Account Number ഏഴിൽ (7) അവസാനിക്കുന്ന പെൻഷൻകാർ |
| വെള്ളി | രാവിലെ | PTSB Account Number എട്ടിൽ (8) അവസാനിക്കുന്ന പെൻഷൻകാർ |
| | ഉച്ചകഴിഞ്ഞ് | PTSB Account Number ഒൻപതിൽ (9) അവസാനിക്കുന്ന പെൻഷൻകാർ |

പെൻഷൻ നേരിട്ട് കൈപ്പറ്റുന്നതിനായി ഒരാൾ അവരവർക്ക് അനുവദിക്കപ്പെട്ട സമയത്തു സ്വന്തം ചെക്കിനോടൊപ്പം ജീവിതപങ്കാളിയുടെ ചെക്കുകൾ കൂടി ഹാജരാക്കുകയാണെങ്കിൽ അങ്ങനെയുള്ള കേസുകളിൽ മേൽക്രമീകരണത്തിൽ ഇളവ് നൽകി പങ്കാളിയുടെ പെൻഷനും അതോടൊപ്പം തന്നെ വിതരണം ചെയ്യേണ്ടതാണ്.

TSB, ETSB തുടങ്ങിയ വ്യക്തിഗത അക്കൗണ്ടുകളുടെ കാര്യത്തിൽ, ഒറ്റ അക്കത്തിൽ അക്കൗണ്ട് നമ്പർ അവസാനിക്കുന്ന അക്കൗണ്ടുടമകൾക്ക് ഒറ്റ അക്ക തിയ്യതിയിലും ഇരട്ട അക്കത്തിൽ അക്കൗണ്ട് നമ്പർ അവസാനിക്കുന്ന

അക്കൗണ്ടുടമകൾക്ക് ഇരട്ട അക്ക തിയ്യതിയിലും ട്രഷറിയിൽ നിന്നും സേവനങ്ങൾ ലഭ്യമാക്കേണ്ടതാണ്. വ്യക്തിഗത TSB-യിൽ വരവ് വെച്ച് നൽകിയിട്ടുള്ള പലിശ തുക പിൻവലിക്കുന്നത് ഒഴികെയുള്ള എല്ലാ TFD സംബന്ധമായ ഇടപാടുകളും സേവനങ്ങളും എല്ലാ പ്രവൃത്തി ദിവസങ്ങളിലും ട്രഷറിയിൽ ലഭ്യമാക്കേണ്ടതാണ് .

എല്ലാ പെൻഷൻകാർക്കും Kerala Pension Portal എന്ന വെബ് സർവീസ് വഴിയും Kerala Pension എന്ന ആൻഡ്രോയിഡ് അപ്ലിക്കേഷൻ വഴിയും പെൻഷൻ സംബന്ധമായ അടിസ്ഥാന വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് . ട്രഷറികളിൽ നേരിട്ട് എത്താതെ തന്നെ PTSB, TSB, ETSB അക്കൗണ്ടുകളിൽ നിന്നും ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക മാറ്റുന്നതിനായി Online TSB സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ ട്രഷറികളിലും മെയിൽ മുഖേന പെൻഷൻ സംബന്ധമായ പരാതികളും അനുബന്ധ രേഖകളും സമർപ്പിക്കുന്നതിനും അവയുടെ പരിഹാരം കണ്ടെത്തി മെയിൽ മുഖേന തന്നെ മറുപടി ലഭ്യമാക്കുന്നതിനും ഉള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുമുണ്ട്. എല്ലാ ട്രഷറികളുടെയും ഉദ്യോഗിക മെയിൽ ഐഡിയും ഫോൺ നമ്പറും വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധം ചെയ്തിട്ടുണ്ട്

ഇത്തരം Online സേവനങ്ങൾ സംബന്ധിച്ച അവബോധം എല്ലാ ഇടപാടുകാരിലേക്കും എത്തിക്കുന്നതിനായുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതും ഇതുസംബന്ധിച്ച് ഇടപാടുകാരിൽ നിന്നും ലഭിക്കുന്ന അന്വേഷണങ്ങൾക്കു കൃത്യമായ മറുപടികൾ നൽകേണ്ടതുമാണ്. എല്ലാ ട്രഷറികളും അവരവരുടെ മെയിൽ വിലാസവും ഫോൺ നമ്പറുകളും ഇടപാടുകാർക്ക് ലഭ്യമാകുന്ന വിധത്തിൽ വ്യക്തമായി നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. എല്ലാ ട്രഷറി ഓഫീസർമാരും മെയിൽ മുഖേന ലഭ്യമാവുന്ന പരാതികൾ ദിവസവും പരിശോധിച്ച് അതാതു വിഭാഗങ്ങൾക്ക് കൈമാറേണ്ടതും സമയബന്ധിതമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതുമാണ്.

പെൻഷൻ പരിഷ്കരണവുമായി ബന്ധപ്പെട്ട ഡിക്ലറേഷൻ സമർപ്പിക്കുന്നതിനായുള്ള അവസാന തീയതി ഇപ്പോഴത്തെ സാഹചര്യം കണക്കിലെടുത്തു ദീർഘിപ്പിച്ചു നൽകുന്നതിലേക്കായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ള ശുപാർശയിൻമേൽ മറുപടി ലഭ്യമാവുന്നത് വരെ ഇതിനായി ട്രഷറികളിൽ നേരിട്ട് ഹാജരാകേണ്ടതില്ല എന്ന് എല്ലാ പെൻഷൻകാരേയും അറിയിക്കേണ്ടതാണ് . എന്നാൽ ഓൺലൈൻ സൗകര്യങ്ങൾ ഉപയോഗിച്ചോ തപാൽ മുഖേനയോ ഡിക്ലറേഷൻ സമർപ്പിക്കുന്നത് തുടരാവുന്നതാണ്

ഈ ക്രമീകരണങ്ങൾ പെൻഷൻകാരുടെ ഇടയിൽ വ്യാപകപ്രചരണം നടത്തുന്നതിനായി ട്രഷറി നോട്ടീസ് ബോർഡുകളിലും മറ്റു പ്രധാന ഓഫീസുകളിലെ നോട്ടീസ് ബോർഡുകളിൽ അതാതു ഓഫീസ് അധികാരികളുടെ സമ്മതത്തോടെ അറിയിപ്പുകൾ പ്രദർശിപ്പിക്കേണ്ടതും പെൻഷൻ സംഘടനകൾക്ക് അറിയിപ്പ് നൽകേണ്ടതും പ്രാദേശിക വാർത്താമാധ്യമങ്ങൾ വഴി പ്രചാരണം നടത്തേണ്ടതുമാണ്. ഈ ക്രമീകരണവും നിയന്ത്രണവും സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നത് വരെ തുടരേണ്ടതാണ്

പെൻഷൻ കൈപറ്റുന്നതിനായി എത്തുന്ന പെൻഷൻകാർക്കും മറ്റ് ഇടപാടുകാർക്കും മുൻഗണനാക്രമത്തിൽ ടോക്കൺ നൽകേണ്ടതാണ് . ടോക്കൺ നൽകിയശേഷം ഒരു കൗണ്ടറിലേക്ക് ഒരു സമയം പരമാവധി 5 ആളുകൾക്കു മാത്രം പ്രവേശനം അനുവദിക്കാൻ പാടുള്ളൂ. പെൻഷൻ കൈപ്പറ്റുന്നതിനായി എത്തുന്ന പെൻഷൻകാരും മറ്റ് ഇടപാടുകാരും ടോക്കണുകൾ വാങ്ങിയ ശേഷം കസ്റ്റമർലോഞ്ച്, ട്രഷറിയുടെ പുറത്തുള്ള സൗകര്യപ്രദമായ മറ്റു വിശ്രമസ്ഥലങ്ങൾ എന്നിവ കണ്ടെത്തി

അവിടങ്ങളിൽ ആരോഗ്യപരമായ അകലത്തിൽ കാത്തിരിക്കുന്നതിനും അറിയിപ്പുകൾക്കനുസരിച്ചു മാത്രം കൗണ്ടറുകളിൽ എത്തുന്നതിനും നിർദേശിക്കേണ്ടതാണ്.

ടോക്കൺ കൗണ്ടറുകളിലും ടെല്ലർ കൗണ്ടറുകളിലും ക്യാഷ് കൗണ്ടറുകളിലും നിയോഗിക്കപ്പെടുന്ന എല്ലാ ജീവനക്കാരും, ചെക്കുകളും മറ്റും കൈകാര്യം ചെയ്യുവാൻ നിയോഗിക്കപ്പെടുന്ന മറ്റു ജീവനക്കാരും നിർബന്ധമായും മുഖാവരണം, കയ്യുറകൾ മുതലായവ ഉപയോഗിക്കേണ്ടതാണ്. ജീവനക്കാർ അവരുടെയും ഇടപാടുകാരുടെയും ആരോഗ്യസുരക്ഷയിൽ ഒരു വിട്ടുവീഴ്ചയും ചെയ്യുന്നില്ല എന്നും നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ട് എന്നും ട്രഷറി ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്. ട്രഷറി പരിസരത്ത് എല്ലാത്തരത്തിലുള്ള ആൾക്കൂട്ടവും കർശനമായി നിരോധിച്ചിരിക്കുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് മാത്രം ട്രഷറികളിലെ പെൻഷൻ വിതരണം ഉൾപ്പെടെയുള്ള ഇടപാടുകൾ നടത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ എല്ലാ ട്രഷറികളും അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്. കൂടാതെ മാറിവരുന്ന സാഹചര്യത്തിൽ സർക്കാർ ഏർപ്പെടുത്തിയേക്കാവുന്ന എല്ലാ നിയന്ത്രണങ്ങളും അനുസരിച്ചുള്ള തുടർനിർദേശങ്ങൾ ഈ ഓഫീസിൽനിന്നും ലഭ്യമാക്കുന്നതാണ് .

Signature valid

Digitally signed by
JAFAR A M
Date: 2020.06.28
14:21:4_ IST
Reason: Approved

വിശ്വസ്തതയോടെ

**A M JAFAR**
**DIRECTOR**

Directorate of Treasuries, Krishna buildings, Thycaud.P.O, Thiruvananthapuram, Kerala 695014
www.treasury.kerala.gov.in, Email: keralatreasury@gmail.com
Ph: 0471-2323963,2322712 , FAX:0471-2324229